**NOV: 16**

# KGBEU OU ബുള്ളറ്റിൻ 64/2022

സഖാക്കളെ,

## വിഷയം: SPD വിംഗ് സർക്കുലർ ലെറ്റർ third party agents access inside the premises

Third party ഏജന്റുമാർക്ക് ബ്രാഞ്ചിനകത്ത് access കൊടുക്കണം എന്ന് കാണിച്ച് SPD വിംഗിൽ നിന്നും ഇറക്കിയ സർക്കുലർ ലെറ്ററിൽ സംഘടന ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. അനാവശ്യമായ സർക്കുലർ ലെറ്റർ ഉടൻ പിൻവലിക്കണം എന്നും GM നോട് ആവശ്യപ്പെട്ടു. ജീവനക്കാർ ചെയ്യേണ്ടതില്ലാത്ത ഈ ജോലി മാനേജ്മെന്റിന്റെ കണ്ണിലുണ്ണി ആകാൻ ഇടപാടുകാരെ പറ്റിച്ചു കൊണ്ടാണ് പലരും ചെയ്യുന്നത്. വഞ്ചിക്കപ്പെട്ട ഇടപാടുകാർ കൂട്ടത്തോടെ വ്യാപകമായി പരാതിയിലേക്ക് പോകാൻ ഒരുങ്ങി നിൽക്കുന്ന സന്ദർഭത്തിൽ ബാങ്കിന്റെ സൽപ്പേരിന് കളങ്കം വരുത്തുന്ന ഈ ഏർപ്പാടിന് വീണ്ടും കുട പിടിക്കാനാണ് മാനേജ്മെന്റ് പുറപ്പാട് എങ്കിൽ ആത്മാഭിമാനമുള്ള നമ്മുടെ സംഘടനയ്ക്ക് ഒരു കാരണവശാലും അത് അംഗീകരിക്കാൻ കഴിയില്ല. ഒരു പൊതുമേഖലാ സ്ഥാപനം എന്ന നിലയിൽ ആർക്കും ബ്രാഞ്ചിലേക്ക് വരികയും പോവുകയും ചെയ്യാം. ബ്രാഞ്ച് മാനേജരെ കാണാം. ജീവനക്കാരുടെ അനുവാദത്തോടെ ടോയ്‌ലറ്റ് സൗകര്യങ്ങൾ ഉപയോഗിക്കാം. അതിനൊക്കെ ഈ നാട്ടിലെ നിയമങ്ങൾ അനുവദിക്കുന്നുണ്ട് എന്നിരിക്കെ ഇത്തരം വങ്കത്തരങ്ങൾ സർക്കുലർ ലെറ്റർ വഴി ഇറക്കുക എന്നത് തന്നെ മത്തരമാണ്. ഇനി ഇത് ദുർവ്യാഖ്യാനിച്ച് കൗണ്ടറിനകത്ത് ഏജന്റുമാരെ കയറ്റി ഇരുത്താനാണ് ഭാവമെങ്കിൽ അത് മാനേജ്മെന്റിന്റെ മനസ്സിൽ മാത്രം ഒതുക്കുകയെ നിവൃത്തിയുള്ളൂ. പല സ്വകാര്യ കാര്യങ്ങളും ബ്രാഞ്ചിലെ ജീവനക്കാർക്ക് മാനേജരോട് പല സമയങ്ങളിൽ പറയാനുണ്ടാകും. എന്നാൽ ക്യാബിനിൽ കുറ്റിയടിച്ച് ഇരിക്കുന്ന ഏജന്റ്മാർ പലപ്പോഴും ഇതിനു തടസ്സം നിൽക്കുകയാണ്. ഇടപാടുകാരെ ക്യാൻവാസ് ചെയ്യാൻ സൗകര്യം ഒരുക്കിക്കൊടുക്കണം എന്നാണ് ഉത്തരവ്. മനസ്സില്ല എന്നാണ് ജീവനക്കാരുടെ മറുപടി. IRDA exam ജീവനക്കാരെക്കൊണ്ട് എഴുതി പാസ്സ് ആക്കിക്കുന്നത്, ഇടപാടുകാരെ ക്യാൻവാസ് ചെയ്ത് ഇൻഷുറൻസ് ബിസിനസ്സിൽ ചേർക്കുക എന്ന ഉദ്ദേശത്തിലാണ്. നമ്മുടെ ഇടപാടുകാരെ ബ്രാഞ്ചിനകത്ത് ക്യാൻവാസ് ചെയ്യാൻ third party ഏജന്റ്മാർക്ക് അവകാശമില്ല. ഇല്ലാത്ത അവകാശങ്ങൾ ഉണ്ടെന്നു സ്ഥാപിക്കാനും കേരള ഗ്രാമീണ ബാങ്ക് എന്ന മഹത്തായ സ്ഥാപനത്തിന്റെ സൽപ്പേര് നശിപ്പിച്ചു തങ്ങളുടെ സ്വാർത്ഥ താല്പര്യം നേടിയെടുക്കാനും ഒരാളെയും നാം അനുവദിക്കില്ല എന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വണ്ണം നാം ഇവിടെ പറഞ്ഞു വെക്കുകയാണ്. ചെയ്ത തെറ്റ് തിരുത്തി സർക്കുലർ ലെറ്റർ പിൻവലിക്കും എന്നാണ് നാം പ്രതീക്ഷിക്കുന്നത്.

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി

KGB എംപ്ലോയീസ് യൂണിയൻ

KGB ഓഫീസേഴ്സ് യൂണിയൻ